4068
15/10/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-30/11/2017-ലെ ഓഖി ചുഴലിക്കൊടുങ്കാറ്റ്- ദുരിതബാധിതർക്ക് വിതരണം ചെയ്യാനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ച തുകയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക ക്ഷേമനിധി ബോർഡിന് തിരികെ നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

**സ.ഉ.(സാധാ) നം. 4259 /2018 /റവ** **തിരുവനന്തപുരം തീയതി-12.10.2018**

---

പരാമർശം- 1) 22/12/2017 തീയതിയിലെ സ.ഉ.(സാധാ)5511/2017/റവ
2) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 03/10/2018 തീയതിയിലെ എഫ്1/4724/2017 നം.കത്ത്.
3) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04.10.2018 ലെ എ 5-12340/09 നമ്പർ കത്ത്

ഉത്തരവ്

30/11/2017-ൽ ഉണ്ടായ ഓഖി ചുഴലിക്കൊടുങ്കാറ്റിനെ തുടർന്ന് ദുരിതബാധിതർക്ക് പരാമർശം (1) സർക്കാർ ഉത്തരവു പ്രകാരം ധനസഹായം അനുവദിക്കുകയുണ്ടായി. ടി ധനസഹായത്തിൽ 11 കോടി രൂപ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുമാണ് സ്വരൂപിച്ചത്. അതായത് 220 കുടുംബങ്ങൾക്കുമായി, 1 കുടുംബത്തിന് 5 ലക്ഷം രൂപ നിരക്കിൽ, 11 കോടി രൂപ . ടി തുകയിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതമുള്ള ബോർഡിന്റെ വിഹിതം തിരികെ നല്കണമെന്ന് പരാമർശം (2) പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 220 കുടുംബങ്ങൾക്ക് തുക അനുവദിച്ചതിൽ 142 കുടുംബങ്ങൾക്ക് (തിരുവനന്തപുരം-141 എണ്ണം, കാസർഗോഡ് -1 എണ്ണം, ) തുക ഇതിനകം വിതരണം ചെയ്തു. ഒരു കുടുംബത്തിന് (തിരുവനന്തപുരം) സാങ്കേതിക കാരണത്താൽ തുക വിതരണം ചെയ്തിട്ടില്ല. അങ്ങനെ ആകെ 143 കുടുംബങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുള്ളത് 77 കുടുംബങ്ങൾക്ക്. (തിരുവനന്തപുരം-75, എറണാകുളം-2). അപ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുവാനുള്ളത് 5 ലക്ഷം രൂപ വീതം 77 കുടുംബങ്ങളുടെ വിഹിതം അതായത് 3,85,00,000 രൂപ (മൂന്നുകോടി എൺപത്തിയഞ്ച് ലക്ഷം രൂപ) . ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് തിരികെ നല്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

തുക എത്രയും വേഗം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭ്യമാക്കുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കളക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
ജില്ലാ കളക്ടർ കാസറഗോഡ്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
മത്സ്യബന്ധന തുറമുഖ വകുപ്പ്
കമ്മീഷണർ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Sunitha A.S.
സെക്ഷൻ ഓഫീസർ